## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2050 | 11.06.2018 ൽ മറുപടിക്ക്

### സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് സ്ത്രീകൾക്കും, കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായും അത് തടയുന്നതിന് പോലീസിന് കഴിയുന്നില്ലായെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾ തടയുന്നതിന് രൂപീകരിച്ച പിങ്ക് പോലീസിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (ബി) സ്ത്രീകളുടേയും കുട്ടികളുടേയും വയോജനങ്ങളുടേയും സുരക്ഷ ഉറപ്പ് വരുത്തുന്ന തരത്തിൽ ജില്ലയിൽ പ്രവർത്തിക്കുന്നതിന് പിങ്ക് പട്രോൾ സംവിധാനത്തിന് സാധിച്ചിട്ടുള്ളതായി പൊതുവേ വിലയിരുത്തപ്പെട്ടിട്ടുണ്ട്. പൊതുഇടങ്ങളിലും ഒറ്റപ്പെട്ട സ്ഥലങ്ങളിലും യാത്രചെയ്യുന്ന സ്ത്രീകൾക്ക് സുരക്ഷിതത്വബോധവും ആത്മവിശ്വാസവും നൽകുന്നതിന് പിങ്ക് പോലീസിന്റെ പ്രവർത്തനം വഴി സാധിക്കുന്നുണ്ടെന്ന് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പിങ്ക് പട്രോൾ കൺട്രോൾ റൂമിൽ സ്ഥാപിക്കപ്പെട്ട വിവരവിനിമയ സംവിധാനം വഴി പിങ്ക് പട്രോൾ വാഹനവുമായി സി.ഐ.ഡി കണക്ടിവിറ്റി സംവിധാനം |

ഒരുക്കിയിട്ടുള്ളതാണ്. സ്ത്രീകൾക്ക് നേരെയുള്ള ഉപദ്രവത്തിന്റേയോ ലൈംഗികാക്രമണത്തിന്റേയോ സാധ്യതകൾ തടയുന്നതിനും കൺട്രോൾ റൂമിലെ നിർദ്ദേശമനുസരിച്ച് ആവശ്യമുള്ള മേഖലകളിലേക്ക് കാലതാമസം കൂടാതെ പിങ്ക് പോലീസിനെ വിന്യസിക്കുന്നതിനും ഇതുവഴി സാധിക്കുന്നുണ്ട്. സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷയ്ക്കും പൊതുസ്ഥലങ്ങളായ ബസ് സ്റ്റാൻഡ്, റെയിൽവേ സ്റ്റേഷൻ, പാർക്കുകൾ, സ്കൂൾ-കോളേജ് പരിസരങ്ങൾ എന്നിവിടങ്ങളിൽ പ്രധാനമായും പട്രോളിംഗ് നടത്തി സ്ത്രീകൾക്ക് നിർഭയമായി സഞ്ചരിക്കുന്നതിനും ഇടപെടുന്നതിനുമുള്ള അന്തരീക്ഷം ഒരുക്കികൊടുക്കുന്നതിന് പിങ്ക് പട്രോൾ സംവിധാനം സഹായകരമായി തീർന്നിട്ടുണ്ട്. കൂടാതെ പൊതുസ്ഥലങ്ങളിൽ ഒറ്റപ്പെട്ട് സഞ്ചരിക്കുന്ന സ്ത്രീകളെ സുരക്ഷിത സ്ഥലങ്ങളിൽ എത്തിക്കുന്നതിനും മാനസികാസ്വാസ്ഥ്യം ഉള്ളവരും, അവശനിലയിലും അപകടത്തിൽ പ്പെടുന്നതുമായ സ്ത്രീകളെ ആശുപത്രിയിൽ എത്തിച്ച് ആവശ്യമായ സഹായം ഒരുക്കിക്കൊടുക്കുന്നതിനും പിങ്ക് പോലീസ് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ആവശ്യമായ ഘട്ടങ്ങളിൽ വിദ്യാർത്ഥിനികൾക്കും സ്ത്രീകൾക്കും കൗൺസിലിംഗ് ലഭ്യമാക്കുന്നതിനും പിങ്ക് പോലീസ് മുൻകൈയെടുത്തു വരുന്നുണ്ട്.

| | | |
|---|---|---|
| (സി) | പിങ്ക് പോലീസ് ബീറ്റ് സംവിധാനം ഏതൊക്കെ ജില്ലകളിൽ നിലവിലുണ്ട്; | (സി) സംസ്ഥാനത്ത് തൃശ്ശൂർ റൂറൽ, പാലക്കാട്, മലപ്പുറം, കോഴിക്കോട് റൂറൽ, വയനാട് എന്നീ ജില്ലകൾ ഒഴികെ മറ്റ് ജില്ലകളിൽ പിങ്ക് പോലീസ് സംവിധാനം നിലവിലുണ്ട്. |

(ഡി) 2017-18 നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ച (ഡി) വനിതാ പോലീസ് ഓഫീസർമാരുടെ പഞ്ചായത്ത് സന്ദർശനം എല്ലായിടത്തും പ്രാവർത്തികമാക്കിയിട്ടുണ്ടോ;എങ്കിൽ അത് കാര്യക്ഷമമാണെന്ന് വിലയിരുത്തുന്നുണ്ടോ?

എല്ലാ ജില്ലകളിലും പ്രാവർത്തികമായിട്ടുണ്ട്. ഇത് കാര്യക്ഷമമാണെന്നും വിലയിരുത്തിയിട്ടുണ്ട്. പോലീസ് സ്റ്റേഷനിൽ എത്തി പരാതി നൽകാൻ സാധിക്കാത്ത സ്ത്രീകൾക്കും, കുട്ടികൾക്കും, മുതിർന്ന പൗരൻമാർക്കും അവരുടെ പരാതികൾ പഞ്ചായത്ത് ഓഫീസിൽ എത്തി വനിതാ ബീറ്റ് ഓഫീസറെ സമീപിച്ച് നൽകാവുന്നതാണ്.

സെക്ഷൻ ഓഫീസർ